ഉത്തരം

സ.ഉ.(എംഎസ്.)49/99/സിഎഡി തീയതി 8-11-1999 പ്രകാരമാണ് കലാകാര പെൻഷനുവേണ്ട മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുള്ളത്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)* നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന കാര്യം 9354/സി 3/2013/സിഎഡി നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

നാടക പഠന ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം

86 (3053) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡോ. വയലാർ വാസുദേവൻ പിള്ള സ്മാരകത്തിന്റെ ഭാഗമായിട്ടുള്ള നാടക പഠന ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

ഡോ. വയലാർ വാസുദേവൻ പിള്ള നാടക പഠന ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണത്തിന് മൻവർഷങ്ങളിൽ 20 ലക്ഷം രൂപ സാംസ്കാരിക വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടുതൽ തുക അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

കേരള കലാമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

87 (3054) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള കലാമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള കലാമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു :

1.	ദക്ഷിണേന്ത്യൻ രംഗകലാ മ്യൂസിയം കെട്ടിട നിർമ്മാണം	12,40,00,000
2.	ആൺകുട്ടികളുടെ ഹോസ്റ്റൽ	1,62,30,000
3.	പുതിയ കളരി കെട്ടിടങ്ങൾ	3,00,00,000
4.	സ്റ്റാഫ് ക്വാർട്ടേഴ്സ് നവീകരണം	79,24,000
5.	ചുറ്റുമതിൽ നിർമ്മാണം	7,45,000
6.	ഓഫീസ് കാര്യാലയം പുതുക്കി പണിയൽ	18,40,000
	ആകെ	18,07,39,000

ടി.വി. സീരിയലുകൾക്ക് സെൻസറിംഗ്

88 (3055) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള റ്റി.വി. സീരിയലുകളുടെ നിലവാരം പരിശോധിക്കുവാൻ സാംസ്കാരിക വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) റ്റി. വി. സീരിയലുകൾക്ക് സെൻസറിംഗ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സീരിയലുകളുടെ നിലവാരം പരിശോധിക്കാൻ നിലവിൽ സംസ്ഥാന സർക്കാരിന് അധികാരമില്ല. ചാനലുകളിൽ സംപ്രേക്ഷണം ചെയ്യുന്ന പരിപാടികളെ കുറിച്ചുള്ള പരാതികൾ കേന്ദ്ര ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ മാത്രമേ സംസ്ഥാന സർക്കാരിന് കഴിയൂ. ഇതിനായി 29-5-2010-ലെ സ.ഉ. (സാധാ) നമ്പർ 129/2010/ ഐ&പി.ആർ. പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly